# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.484

### 28-02-2017 ൽ മറുപടിക്ക്

**കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി ഇത് വരെ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദമാക്കാമോ;<br>(ബി) പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന്റെ നടപടി ക്രമങ്ങൾ വിശദമാക്കുമോ;<br>(സി) കിഫ്ബിയിൽ ഭരണാനുമതി നൽകുന്നതിനായി പരിഗണിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴിക്കോട് ജില്ലയിലെ പദ്ധതികൾ ഏതെല്ലാം;വിശദമാക്കാമോ? | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഇതിനനുസൃതമായി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസമാഹരണം നടത്തുന്നതിനുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായാണ് കിഫ്ബി പ്രവർത്തിക്കുന്നത്. 08.08.2016 ലെ സ.ഉ. (കൈ) നം. 315/16/ധന ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടേയും കിഫ്ബി മുഖേന നടപ്പാക്കുന്നതിന് ഭരണ വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികളുടേയും വിശദമായ പ്രോജക്ട് അവലോകനം, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്, ഭരണാനുമതി എന്നിവ |

| | |
|---|---|
| | ഉൾപ്പെടെയാണ് ഭരണ വകുപ്പ് പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിക്ക് ഓൺ ലൈനായി സമർപ്പിക്കേണ്ടത്. കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല, സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കിഫ്ബിയുടെ ബോർഡ് നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്